# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 633 — 03.04.2018 - ലെ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിയമസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ. യു.ആർ.പ്രദീപ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമം തടയുന്നതിനും അവരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്ത് അധിവസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ , നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം (1989) ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ഇല്ലാതാക്കാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസുകളിൽ ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമപ്രകാരം ഉറപ്പു വരുത്തുന്നുണ്ട്.<br>പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ എല്ലാ മാസവും ചേരുന്നുണ്ട്. കൂടാതെ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ മോണിറ്റർ ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ വർഷത്തിൽ രണ്ട് പ്രാവശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. ഇതിന് പുറമെ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യ പ്രവർത്തകർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലകളിൽ കളക്ടർമാരെ നോഡൽ ഓഫീസർമാരായും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ഓഫീസറായും സംസ്ഥാനതലത്തിലും പ്രവർത്തിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് അർഹമായ നഷ്ടപരിഹാരം ജില്ലാ കളക്ടർ നൽകിവരുന്നുണ്ട്. കൂടാതെ വിചാരണ സമയത്ത് എത്തിച്ചേരുന്ന കക്ഷികൾക്കും അവരെ അനുഗമിക്കുന്ന സഹായിക്കും അന്വേഷണത്തിന്റെ ഘട്ടത്തിലും വിചാരണ ദിവസങ്ങളിലും യാത്രാ ചെലവ്, ഉപജീവന ചെലവ്, ഭക്ഷണ ചെലവ് എന്നിവ നൽകിവരുന്നുണ്ട്.<br><br>അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, |

| | | | |
|---|---|---|---|
| | | | പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് മണ്ണാർക്കാട്ടും നാല് സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണവും തടയുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനത്തിലൂടെ ശാക്തീകരിക്കുന്നതിനും, നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഗോത്ര ജീവികപോലുള്ള പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരെ ചൂഷണത്തിൽ നിന്നും തടയുക എന്നതാണ് ലക്ഷ്യം. |
| ബി) | ഇവർക്ക് ആവശ്യമായ സൗജന്യ നിയമസഹായം നൽകുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, പൗരാവകാശ സംരക്ഷണ നിയമം എന്നിവ പ്രകാരം എടുക്കുന്ന കേസുകളിൽ ഗവൺമെന്റ് പ്ലീഡർമാരാണ് പരാതിക്കാർക്ക് വേണ്ടി കേസുകൾ വാദിക്കുന്നത്. സ്പെഷ്യൽ കോടതികളിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരും നിലവിലുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിന് അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും, തദ്ദേശീയരായ അഭിഭാഷകരുടെയും, പൊതു പ്രവർത്തകരുടെയും സഹകരണത്തോടു കൂടി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി മനുഷ്യാവകാശ കമ്മീഷനും, വനിതാ കമ്മീഷനും, പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി ഊരുമൂപ്പന്മാർ, പ്രൊമോട്ടർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക, നഷ്ടപരിഹാരം നൽകുക, സൗജന്യ നിയമ സഹായം നൽകുക, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി ഉറപ്പുവരുത്തുക, ആശ്രിതർക്ക് ധനസഹായം നൽകുക. കേസ്സുകളിൽ സാക്ഷി പറയുന്നവർക്ക് ധനസഹായം അനുവദിക്കുക തുടങ്ങിയ പരിരക്ഷകൾ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ഉറപ്പുവരുത്തുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം, വീട് |

| | | | |
|---|---|---|---|
| | | | എന്നിവ അനുവദിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. നഷ്ടപരിഹാര തുക ഉപയോഗിച്ച് അതിക്രമത്തിന് ഇരായകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. വകുപ്പ് നിരവധി നൈപുണ്യ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുകയും അതിലൂടെ ചൂഷണത്തിൽ നിന്നും തടയുക എന്നതാണ് ലക്ഷ്യം. |

**സെക്ഷൻ ഓഫീസർ**